**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 741** **08-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ കേന്ദ്രസർക്കാർ ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങളെ ദോഷകരമായി ബാധിക്കുന്ന കേന്ദ്രസർക്കാർ ഇടപെടലുകളെ പ്രതിരോധിക്കുന്നതിന് ശക്തമായ നിലപാട് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | കേന്ദ്ര സർക്കാർ 2022 ൽ മൾട്ടി സ്റ്റേറ്റ് സൊസൈറ്റീസ് ആക്ട് സമഗ്രമായി ഭേദഗതി ചെയ്യുതിന് Multi State Co-operative Societies (Amendment) ബിൽ കൊണ്ടുവരുകയും ആയതിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട മൾട്ടി സ്റ്റേറ്റ് സംഘങ്ങൾ ഉയർന്ന പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപങ്ങൾ സ്വീകരിച്ച ശേഷം തിരികെ നൽകാത്തതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ നിലവിലുണ്ട്. ഇത് നല്ല നിലയിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ സംഘങ്ങളെപ്പറ്റി ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ ജനിപ്പിക്കുന്നതിന് കാരണമാകുന്നുണ്ട്. പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിനായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ തിരിച്ചറിയുന്നതിനായി ടി സംഘങ്ങളിൽ കേരള സഹകരണ നിയമപ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാണ് എന്നുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ തുടങ്ങുന്നതിന് സസഹകരണസംഘം രജിസ്ട്രാർ നിരാക്ഷേപപത്രം നൽകുന്നുമില്ല.<br><br>2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളവയായതിനാൽ ടി വിഷയത്തിൽ ബഹു. സുപ്രീംകോടതിയിൽ ഭരണഘടനയുടെ 131 വകുപ്പ് പ്രകാരം സർക്കാർ ഒരു സ്യൂട്ട് ഫയൽ ചെയ്തിട്ടുണ്ട്.<br><br>കൂടാതെ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 A, 194 N എന്നീ വകുപ്പുകൾ പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ |

| | | | |
|---|---|---|---|
| | | | സംഘങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.<br><br>ആദായ നികുതി വകുപ്പിന്റെ നോട്ടീസിനെതിനെ സംഘങ്ങൾ ബഹു.ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ ഉത്തരവ് നേടിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ